**പതിനാലാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

**മുപ്പത്തി അഞ്ചാമത് റിപ്പോർട്ട്**

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ**
**(ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച്)**
**ശിപാർശകളിന്മേൽ/നിർദ്ദേശകളിന്മേൽ**
**സർക്കാർ സ്വീകരിച്ച നടപടികളെ**
**സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

## മുപ്പത്തി അഞ്ചാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ
(ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ
സംബന്ധിച്ച റിപ്പോർട്ട്]

396/2021.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II: | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III: | സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയിൻമേൽ അനന്തര നടപടി സ്വീകരിക്കേണ്ടത് | .. | 12 |
| അനുബന്ധം | | .. | 20 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019 - 2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

# മുഖവുര

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021) യുടെ പതിനെട്ടാമത് റിപ്പോർട്ട് (ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് )2015 ജൂൺ 30-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 38 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 20-ാം തീയതി ചേർന്ന കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എസ്. ശർമ്മ,

തിരുവനന്തപുരം,
2021 ജനുവരി 20.

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## <u>അദ്ധ്യായം-1</u>

പതിമൂന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016)-യുടെ പതിനെട്ടാമത് റിപ്പോർട്ട് (ചെറുകിട ജലസേചന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ) 30-6-2015-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 38 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 25-7-2015-ൽ സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 27-12-2016, 27-9-2017, 9-5-2018, 10-10-2018, 30-7-2019, 20-1-2021 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2014-2016)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം III-ലെ അധിക വിവരങ്ങളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## <u>അദ്ധ്യായം - II</u>

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂല റിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ 1 (ഖണ്ഡിക 25)

പലപ്പോഴും ടെൻഡർ സംബന്ധിച്ച് വ്യാപകമായി പരാതി ഉയർന്നുവരാറുണ്ട്. ആയതിനാൽ <u>പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഇ-ടെൻഡർ നടപടികൾ കൂടുതൽ സുതാര്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

### സർക്കാർ സ്വീകരിച്ച നടപടി - [ജലവിഭവ (എം. ഐ.) വകുപ്പ് ]

ഇപ്പോൾ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെൻഡർ വഴിയാണ് നടപ്പിലാക്കുന്നത്. എല്ലാ പ്രവൃത്തികളും നിർബന്ധിതമായി ഇ-ടെണ്ടർ വഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഇ-ടെൻഡർ പോർട്ടലിൽ ടെൻഡർ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും ലഭ്യമാണ്.

396/2021.

### ശിപാർശ 10 (ഖണ്ഡിക 29)

പദ്ധതികൾ ലാപ്സാക്കാതിരിക്കാനായി പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഇതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി - [ജലവിഭവ (എം. ഐ.) വകുപ്പ് ]

നിലവിൽ 10 കോടി രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ ഗവൺമെന്റ് വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഭരണാനുമതി നല്കി വരുന്നു. ടി തുകയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചാണ് ഭരണാനുമതി നല്കുന്നത്. പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാറുകാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചമൂലമുണ്ടാകുന്ന കാലതാമസത്തിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാറുണ്ട്. പ്രവൃത്തി അനിയന്ത്രിതമായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരുടെ കരാർ ഉടമ്പടി ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യാറുണ്ട്. പ്രസ്തുത കരാറുകാരെ മറ്റ് പ്രവൃത്തികളുടെ ദർഘാസുകളിൽ പരിഗണിക്കാറില്ല.

### ശിപാർശ 11 (ഖണ്ഡിക 30) [ജലവിഭവ (എം. ഐ.) വകുപ്പ്]

ഓരോ പദ്ധതിക്കും വിശദമായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാനുള്ള സാഹചര്യമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി - [ജലവിഭവ (എം. ഐ.) വകുപ്പ് ]

പ്രധാന പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിന് ശേഷമാണ് ഭരണാനുമതി ലഭ്യമാക്കുന്നത്. ഭരണാനുമതി നല്കിയ പദ്ധതികളുടെ എസ്റ്റിമേറ്റുകൾ സാങ്കേതികാനുമതി നല്കി ടെൻഡർ ചെയ്യുന്നതിന് നല്കി വരുന്നു. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടിയെടുത്തു വരുന്നു.

### ശിപാർശ 12 (ഖണ്ഡിക 31) [ജലവിഭവ (എം.ഐ.) വകുപ്പ്]

വകുപ്പിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി - [ജലവിഭവ (എം. ഐ.) വകുപ്പ് ]

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2014-2016) യുടെ 31-ാം നമ്പർ ശിപാർശ പ്രകാരവും ധനകാര്യ (ആഭ്യന്തര പരിശോധനാ വിഭാഗം - ബി) വകുപ്പിന്റെ 20-4-2018 -ലെ 33/2018 നമ്പർ പരിപത്ര പ്രകാരവും ഈ വകുപ്പിന് കീഴിലൊരു ആഭ്യന്തര പരിശോധനാ വിഭാഗം (ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി) രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ശിപാർശ 14 (ഖണ്ഡിക 36)**

കുളങ്ങളുടെ നവീകരണത്തിനും 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി നടപ്പിലാക്കാനുമായുള്ള ശീർഷകങ്ങളിൽ 14702-00-101-78 (പ്ലാൻ), 4702-00-101-87 (പ്ലാൻ) ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി - [ജലവിഭവ (എം. ഐ.) വകുപ്പ് ]**

4702-00-101-78 (Renovation of pond), 4702-00-101-87 (ഒരു പഞ്ചായത്തിൽ ഒരു കുളം) എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ 4702-00-101-64 (Renovation of pond) എന്ന ശീർഷകത്തിൽ 3 കോടി രൂപയും 4702-00-101-63 (Renovation of pond in Haritha keralam) എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 547 കുളങ്ങൾക്ക് 10.66 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 4702-00-101-63 ഹരിത കേരളം ശീർഷകത്തിൽ 13.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ 15 (ഖണ്ഡിക 37)**

നീരൊഴുക്ക് സുഗമമാക്കുന്നതിനായി ജലസേചനത്തോടുകളുടെ ആഴം വർദ്ധിപ്പിക്കണമെന്നും തോടുകളിലും കുളങ്ങളിലും യഥാസമയം ശുചീകരണ പ്രവൃത്തികൾ നടത്തുകയും മഴക്കാലത്തിന് മുമ്പ് ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (എം. ഐ.) വകുപ്പ്]**

പദ്ധതിയുടെ പ്രാധാന്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് പരാമർശിത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. തോടുകളിലെയും കുളങ്ങളിലെയും ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികൾ MNREGS വഴി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

**ശിപാർശ 16 (ഖണ്ഡിക 38)**

കനാലുകളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്താനുള്ള അനുമതി ലഭ്യമാക്കണമെന്നും മലീമസമാകുന്ന കനാലുകളും ചെറുതോടുകളും ചെറിയ ഡ്രഡ്ജറുകൾ ഉപയോഗിച്ച് വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരണ പരിപാടികൾ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി -[തദ്ദേശ സ്വയംഭരണ (ഡി. ഡി.) വകുപ്പ്]

ജലസേചന കനാലുകളുടെ നവീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്കൊണ്ട് 17-11-16-ലെ സ.ഉ. (സാധാ.) 3125/16/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ മാനദണ്ഡങ്ങൾ വ്യക്തമാക്കി 29-11-16-ലെ സ.ഉ.(സാധാ.)933/16/ഡബ്ല്യു.ആർ.ഡി. പ്രകാരം ജലവിഭവ വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജലസേചന കനാലുകളുടെ നവീകരണം സംബന്ധിച്ച പ്രവൃത്തികൾ പഞ്ചായത്ത് തലത്തിൽ നടന്നുവരുന്നു. വരുംകാലങ്ങളിലും മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജലസേചന കനാലുകളുടെ പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി ഏറ്റെടുക്കുന്നതാണ്.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

നിലവിലുള്ള മാനദണ്ഡം അനുസരിച്ച് ആവർത്തനച്ചെലവുകൾ വരുന്ന പദ്ധതികൾ ഒന്നും തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ ജലസേചന കനാലുകളുടെ നവീകരണം ഉൾപ്പെടെയുള്ള പദ്ധതികൾ മുടങ്ങിയിരിക്കുന്നതിനാൽ ആവർത്തനച്ചെലവുകൾ വരുന്ന പദ്ധതികൾ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്]

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ന്റെയും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വരുന്നത്. ടി നിയമത്തിന്റെ പട്ടിക I പ്രകാരം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും 100 ദിവസം തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം നിശ്ചിത ഗുണമേന്മയുള്ളതും ഈടുറ്റതും ഉല്പാദനക്ഷമവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ, ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ മുതലായ പ്രവൃത്തികൾക്കാണ് പദ്ധതിയിൽ മുൻഗണന നൽകി ഏറ്റെടുത്ത് വരുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ 2018-19 ഖണ്ഡിക 7.22 പ്രകാരം ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇറിഗേഷൻ കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കേന്ദ്ര നിയമത്തിനും മാസ്റ്റർ

സർക്കുലറിനും വിരുദ്ധമാകാത്ത രീതിയിൽ ഏറ്റെടുക്കുന്നതിന് 23-11-2017-ലെ സർക്കുലർ നമ്പർ ത.സ്വ.ഭ.വ.ഡി.ഡി. 2/442/2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് വരുകയും ചെയ്യുന്നുണ്ട്.

**ശിപാർശ 20 (ഖണ്ഡിക 47)**

തൃശ്ശൂർ ജില്ലയിൽ 4 താലൂക്കുകളിലായി 13,000 ഹെക്ടറുകളിലായി വ്യാപിച്ചുകിടക്കുന്ന ആഴം കുറഞ്ഞ കായൽ പാടങ്ങളാണ് കോൾനിലങ്ങൾ. കേരളത്തിലെ പ്രധാനപ്പെട്ട നെല്ലുത്പാദനമേഖലയാണിത്. സമുദ്രനിരപ്പിൽ നിന്നും 0.5 മീറ്റർ മുതൽ 1 മീറ്റർ വരെ താഴ്ന്ന കിടക്കുന്നതും സമ്പന്നമായ തണ്ണീർത്തട ജൈവവ്യവസ്ഥയാൽ (wetland ecosystem) വളരെയേറെ ഫലഭൂയിഷ്ഠമായതുമായ പ്രദേശമാണിത്. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന കിടക്കുന്നതിനാലും അഴിമുഖവുമായി ബന്ധമുള്ളതിനാലും കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറാനുള്ള സാദ്ധ്യത കൂടുതലാണ്. കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്ന ഈ അവസരത്തിൽ കോൾനിലങ്ങളുടെ വികസനത്തിനും അതിലെ നെൽകൃഷിക്കും പ്രാധാന്യം നൽകേണ്ടതാവശ്യമാണ്. ആയതിനായി മൺബണ്ടുകൾ നിർമ്മിച്ച് ഉപ്പുവെള്ളം കയറാതെ തടഞ്ഞും കൃഷിയിടങ്ങളിലെ അധികജലം വഴിതിരിച്ചുവിട്ടും കൃഷിയുടെ ആവശ്യത്തിനനുസരിച്ച് വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേയ്ക്കായി ചാലുകളിലെ ചണ്ടിയും കുളവാഴയും കാലാകാലങ്ങളിൽ നീക്കം ചെയ്യുകയും കനാലുകളും റെഗുലേറ്ററുകളും അറ്റകുറ്റപ്പണി നടത്തി പരിപാലിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇതിലേയ്ക്കായി അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോൾ മേഖലയിലെ ജലവിതരണ കനാൽ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള ബജറ്റ് വിഹിതം (2701-80-800-97-M&R) വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി-[ജലവിഭവ (എം.പി.) വകുപ്പ്]**

കോൾ മേഖലയിലെ ജലവിതരണ കനാൽ ശൃംഖല ശക്തിപ്പെടുത്തുന്നതിന് മുൻ വർഷം 3.24 കോടി രൂപ "2701-80-800-97-34-3(NP-V)-M&R of other irrigation works" എന്ന ശീർഷകത്തിൽ ചെലവായിട്ടുണ്ട്. നടപ്പുവർഷത്തെ വിഹിതത്തിൽ 0.95 കോടി രൂപ മാത്രമാണ് നാളിതുവരെ ചെലവായിട്ടുള്ളത്. ആയതിനാൽ നടപ്പുവർഷത്തെ വിഹിതം തീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതാണ്.

**ശിപാർശ 21 (ഖണ്ഡിക 48)**

മഴക്കാലത്ത് അധികജലം കെട്ടിനിന്ന് ജലസ്രോതസ്സുകളായ കനാലുകൾ, നദികൾ, കുളങ്ങൾ എന്നിവയുടെ ഭിത്തികൾ നശിക്കുന്നു. ഇത് തടയുന്നതിനായി കനാലുകളുടെയും മറ്റും പാർശ്വഭിത്തി സംരക്ഷിക്കുന്നതിനായി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ നദികളുടെ തീരസംരക്ഷണ പ്രവൃത്തികളും വകുപ്പ് നടത്തുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ നദികളുടെയും കുളങ്ങളുടെയും തീരം കല്ലോ കോൺക്രീറ്റോ ഉപയോഗിച്ച് സംരക്ഷിക്കുന്നത് നിയന്ത്രിക്കേണ്ടതാവശ്യമാണ്. കോൺക്രീറ്റ് ചെയ്യുമ്പോൾ മണ്ണിൽ വീഴുന്ന മഴവെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാനുള്ള സാദ്ധ്യത ഇല്ലാതാകുന്നു. അങ്ങനെ ജലം സംഭരിക്കപ്പെടാനുള്ള സാദ്ധ്യത കുറയുന്നു. ആയതിനാൽ കരയിടിയാനോ സമീപവിളകൾക്കോ പുരയിടങ്ങൾക്കോ നാശമുണ്ടാകാനോ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മാത്രമേ തീരങ്ങളിൽ കല്ലുകെട്ടും കോൺക്രീറ്റും അനുവദിക്കാവൂ എന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (എം. ഐ.) വകുപ്പ്]

അപകടകരമായ തോതിൽ കരയിടിച്ചിൽ ഉള്ള ഭാഗത്ത് സ്ഥലത്തെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാറുള്ളൂ. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് റവന്യൂ അതിർത്തികൾ അടയാളപ്പെടുത്തുവാൻ നിഷ്കർഷിക്കാറുണ്ട്.

### ശിപാർശ 22 (ഖണ്ഡിക 49)

വയലുകൾക്ക് സമീപമുള്ള നടവരമ്പുകൾ വീതികൂട്ടുമ്പോൾ അവയോടുചേർന്നുള്ള നീർച്ചാലുകൾ നികത്തപ്പെടുന്ന പ്രവണത ഏറിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം അവസരങ്ങളിൽ പ്രകൃത്യാലുള്ള നീർച്ചാലുകൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (എം.ഐ.) വകുപ്പ്]

പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പ്രകൃത്യാലുള്ള നീർച്ചാലുകൾ സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

### ശിപാർശ 23 (ഖണ്ഡിക 52)

വിവിധ ഘട്ടങ്ങളിലിരിക്കുന്ന പ്രസ്തുത പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (ഐ. ആർ.) വകുപ്പ്]

കുട്ടനാട് പാക്കേജിന്റെ ഭാഗമായി നെൽകൃഷി വികസനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, ബണ്ടുകൾ എന്നിവയുടെ നിർമ്മാണത്തിനായി കെ.ഇ.എൽ. 3 പ്രോജക്ടിൽ 106.13 കോടി രൂപയ്ക്ക് ജലസേചന വകുപ്പിന് കേന്ദ്ര സർക്കാരിന്റെ

അംഗീകാരം ലഭിച്ചിട്ടുണ്ട്. കോട്ടയം, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന 94 പാടശേഖരങ്ങളിലെ അംഗീകാരം ലഭിച്ച 58 പ്രവൃത്തികളിൽ 46 എണ്ണം പൂർത്തീകരിച്ചു. അഞ്ച് പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്തു. നാല് പ്രവൃത്തികൾ ഒഴിവാക്കി. ഒരു പ്രവൃത്തി ഹൈക്കോടതിയിൽ നിയമ വ്യവഹാരത്തിലാണ്. ഒരു പ്രവൃത്തി കെ. എൽ. ഡി. സി.-യ്ക്ക് കൈമാറ്റം ചെയ്തു. ഒരു പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. തലയാഴം പഞ്ചായത്തിൽ കരിയാർ നദിക്ക് കുറുകെ 28.7 കോടി രൂപ ചെലവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണികൾ പൂർത്തിയാക്കി.

കൂടാതെ ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തുള്ള അന്ധകാരനഴി, പെണ്ണടി, പുല്ലുവേലി എന്നീ റെഗുലേറ്ററുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതു കൂടാതെ നിലവിൽ തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളാണ് ചെയ്ത് തീർക്കാനുള്ളത്. ഇതുവരെ 79% പ്രവൃത്തികൾ തീർന്നു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ശിപാർശ 24 (ഖണ്ഡിക 53)**

ജലസേചനത്തിനായുള്ള പ്രാദേശിക പദ്ധതികളുടെ നടത്തിപ്പിൽ പാടശേഖര സമിതികൾ, കർഷക സമിതികൾ എന്നിവയുടെ അഭിപ്രായങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ രൂപകല്പന ചെയ്യുന്നത്. എന്നാലും പല പദ്ധതികളും പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് നിർത്തിവയ്ക്കുകയോ നടക്കാതെ വരികയോ ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ടവരുമായി തുറന്ന ചർച്ചയ്ക്ക് അവസരമുണ്ടാക്കണമെന്നും പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിനും പരിസരവാസികളുടെ സൗകര്യങ്ങൾക്കും പ്രാധാന്യം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (ഐ. ആർ.) വകുപ്പ്]**

പാടശേഖര പ്രതിനിധികൾ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചാണ് കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

**ശിപാർശ 25 (ഖണ്ഡിക 55)**

ജലസേചനത്തിനായി ഇപ്പോൾ നടപ്പിലാക്കുന്ന ഫ്ലഡിംഗ് സമ്പ്രദായം കൂടാതെ ഡ്രിപ്പ് സേചനം, സ്പ്രിംഗ്ലർ സേചനം എന്നിവയും വ്യാപകമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി -[കൃഷി (എൻ.സി.എ.) വകുപ്പ്]

ജലസേചനത്തിനായി പത്തനംതിട്ട ജില്ലയിലെ അപ്പർ കുട്ടനാടൻ പാടശേഖരങ്ങളിൽ ഡ്രിപ്പ് ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം ഇവ നടപ്പിലാക്കുന്നത് പ്രായോഗികമല്ല. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുട്ടനാട്ടിൽ കരകൃഷിക്ക് ഡ്രിപ്പ് ഇറിഗേഷൻ നടത്തേണ്ടതിന്റെ ആവശ്യകതയില്ല. എന്നാൽ സ്പ്രിംഗ്ലർ ഇറിഗേഷൻ ശിപാർശ ചെയ്യാവുന്നതാണ്. കുട്ടനാട്ടിലെ നെൽകൃഷിയുടെ ജലസേചനത്തിനായി നടപ്പിലാക്കുന്ന ഫ്ലഡിംഗ് സമ്പ്രദായമാണ് ഏറ്റവും ചെലവ് കുറഞ്ഞ ജലസേചന മാർഗ്ഗം. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഓൺ മൈക്രോ ഇറിഗേഷൻ പ്രകാരം ഡ്രിപ്പ് ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം എന്നിവ വ്യാപകമാക്കുന്ന പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കി വരുന്നു.

### ശിപാർശ 26 (ഖണ്ഡിക 56)

കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്ന വീര്യം കൂടിയ കീടനാശിനികളും രാസവളങ്ങളും സമീപത്തുള്ള ജലാശയങ്ങളിൽ കലർന്ന് അവയെ വിഷമയമാക്കുകയും പൊതുജനാരോഗ്യത്തിന് ഭീഷണിയുണ്ടാക്കുകയും ചെയ്യുന്നു. ആയതിനാൽ ജലാശയങ്ങൾക്ക് സമീപം കീടനാശിനി/ രാസവളപ്രയോഗത്തിന് നിയന്ത്രണമേർപ്പെടുത്തണമെന്നും ജലാശയങ്ങൾക്ക് സമീപമുള്ള കൃഷിയിടങ്ങളിൽ ജൈവകൃഷി നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [കൃഷി (എൻ. സി. എ.) വകുപ്പ്]

ജലാശയങ്ങൾക്ക് സമീപം കീടനാശിനി/രാസവളപ്രയോഗത്തിന് നിയന്ത്രണങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. ജലാശയങ്ങൾക്ക് സമീപമുള്ള കൃഷിയിടങ്ങളിൽ കീടരോഗ നിരീക്ഷണം, ഫാം സ്കൂളുകൾ, സോളാർ ലൈറ്റ് ട്രാപ്പുകൾ സ്ഥാപിക്കുക, എക്കോളജിക്കൽ എഞ്ചിനീയറിംഗ് പ്രാവർത്തികമാക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ജൈവകൃഷി പദ്ധതി പ്രകാരം കുട്ടനാട്ടിൽ ഉത്തമ കൃഷി മുറകൾ പ്രകാരം നെൽകൃഷി എന്ന പദ്ധതി നടപ്പാക്കുന്നതിന് പ്ലാൻ ശീർഷകം 2401-00-105-85-ൽ 200 ലക്ഷം രൂപ അനുവദിക്കുകയും അതിൻപ്രകാരം ആകെ 72.14038 ലക്ഷം രൂപയ്ക്ക് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ജൈവ നെൽകൃഷി നടക്കുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതി പ്രകാരം ജൈവ നെൽകൃഷി സങ്കേതങ്ങൾ സംബന്ധിച്ച് കർഷകർക്ക് പരിശീലന പരിപാടികൾ ജൈവകൃഷി സാങ്കേതിക ഡെമോൺസ്ട്രേഷനുകൾ, ജൈവിക കള നിയന്ത്രണം, ജൈവ കീട നിയന്ത്രണം, ജൈവ ഉത്പാദനോപാധികളുടെ ഉത്പാദനം എന്നിവയ്ക്ക് പദ്ധതി പ്രകാരം സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കി പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഈ പദ്ധതി തുടരും. ഇതിനായി പ്ലാൻ ശീർഷകം 2401-00-105-85 പ്ലാനിൽ 100 ലക്ഷം രൂപയാണ്

വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുമുണ്ട്. കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് മങ്കൊമ്പ് മുഖേന വേണ്ട നിർദ്ദേശങ്ങൾ ഇതിനായി നൽകുന്നുണ്ട്. വിഡിറൈസ് മാനേജ്മെന്റ് ഘടകത്തിൽ കളനാശിനി ഒഴിവാക്കി പരമ്പരാഗത രീതിയായ കള കിളിർപ്പിച്ച് വെള്ളം കയറ്റി കള നശിപ്പിക്കുന്ന രീതി അനുവർത്തിക്കുന്നതുമൂലം കളനാശിനി പ്രയോഗം ഒരു പരിധി വരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

### കൃഷി (കൃഷി) വകുപ്പ്

കുട്ടനാട്ടിൽ നല്ല കൃഷിമുറകൾ പ്രകാരമുള്ള ജൈവകൃഷി 2017-18 എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ 65 പഞ്ചായത്തുകൾ ഉൾപ്പെടുന്ന കുട്ടനാടൻ പാടശേഖരത്തിൽ ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവ നെൽകൃഷി സങ്കേതങ്ങൾ സംബന്ധിച്ച് കർഷകർക്ക് പരിശീലന പരിപാടികൾ, ജൈവകൃഷി സാങ്കേതിക സാമ്പത്തിക ഡെമോൺസ്ട്രേഷനുകൾ, ജൈവ കള നിയന്ത്രണം, ജൈവ കീടനിയന്ത്രണം, ജൈവ ഉല്പാദനോപാധികളുടെ ഉല്പാദനം എന്നിവയ്ക്ക് പദ്ധതി പ്രകാരം സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കി പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 72.14038 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ പദ്ധതിയായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ ജലാശയങ്ങൾക്ക് സമീപം കീടനാശിനി/രാസവള പ്രയോഗം, തുടങ്ങിയവയ്ക്ക് നിയന്ത്രണം കൊണ്ടുവരുന്നതിനും സമീപമുള്ള കൃഷിയിടങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നതാണ്.

### ശിപാർശ 27 (ഖണ്ഡിക 57)

അറവുശാലകളിൽ നിന്നും ആശുപത്രികളിൽ നിന്നുമുള്ള മാലിന്യങ്ങൾ അടുത്തുള്ള നദികളിലും പുഴകളിലും നിക്ഷേപിക്കുന്നത് സ്ഥിരം കാഴ്ചയായി മാറിയിരിക്കുന്നു. ഇവ ജലമലിനീകരണത്തിനുമാത്രമല്ല അന്തരീക്ഷ മലിനീകരണത്തിനും വിവിധ സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. ആയതിനാൽ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമ നപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (ഐ. ആർ.) വകുപ്പ്]

ജല മലിനീകരണം തടയുന്നതിനായി ജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള നടപടികൾ/ശിക്ഷ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് 2 ലക്ഷം രൂപ വരെ പിഴയോ മൂന്ന്

വർഷം വരെ തടവോ രണ്ടും കൂടിയോ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന വ്യവസ്ഥ കൂട്ടിചേർത്തിട്ടുണ്ട്. (ഓർഡിനൻസ് നമ്പർ 27/17,2017 ഡിസംബർ 7 നോട്ടിഫിക്കേഷൻ നമ്പർ 24395/ലെജി.എഫ്/2017/നിയമം) സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകിച്ച് ആശുപത്രികളിൽ നിന്നും അറവുശാലകളിൽ നിന്നും ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശങ്ങൾ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്.

## ശിപാർശ 28 (ഖണ്ഡിക 58)

പാരിസ്ഥിതിക പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമേ ജലസ്രോതസ്സുകൾക്ക് സമീപമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവൂ എന്നും നിർമ്മിതികളിൽ മാലിന്യ സംസ്കരണപ്രവൃത്തികൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉറപ്പാക്കണമെന്നും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള നിർമ്മാണാനുമതി നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ കായലുകളുൾപ്പടെയുള്ള ജലസ്രോതസ്സുകളുടെ സമീപത്തുള്ള കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട നിയമനടപടികൾ കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലസേചന (ഐ. ആർ.) വകുപ്പ്]

ജലസ്രോതസ്സുകൾക്ക് സമീപമുള്ള അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിന് ജലസേചന വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. മറ്റുകാര്യങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതാണ്.

## റവന്യൂ (യു) വകുപ്പിന്റെ മറുപടി

നിലവിൽ നദീതീരങ്ങളിലും കായലിനോട് ചേർന്നുള്ള പ്രദേശങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ പാരിസ്ഥിതിക പഠനങ്ങൾ നടത്തിയതിന് ശേഷമേ ജലസ്രോതസ്സുകൾക്ക് സമീപത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവൂ എന്ന് നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശിപാർശയിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ മുഖേന നിർദ്ദേശം നൽകിയിരുന്നു. ആയതിന്റ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റിന്റെ നിബന്ധനയ്ക്കനുസരണമായിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരുന്നതെന്നും മേലിൽ അനുമതി നൽകുമ്പോൾ ശിപാർശ പരിഗണിക്കുന്നതാണെന്നും അതിനാവശ്യമായ ഭേദഗതികൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ റിപ്പോർട്ട് സമർപ്പിച്ചതായി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ബഹുനില മന്ദിരങ്ങൾക്ക് അനുമതി നൽകുമ്പോൾ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും പാരിസ്ഥിതിക പരിശോധനയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിലവിലുള്ള അധികാരങ്ങൾ ശക്തിപ്പെടുത്തിയും വ്യവസ്ഥകൾ കർശനമാക്കിയും ടി വിഷയങ്ങൾക്ക് പരിഹാര നിവർത്തി വരുത്താവുന്നതാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. കായലുകളും നദികളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ കയ്യേറ്റങ്ങൾ തടയുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെയും, സഹകരണത്തോടെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്.

### ശിപാർശ 29 (ഖണ്ഡിക 59)

നദികളിലും മറ്റു ജലസ്രോതസ്സുകളിലുമുള്ള അശാസ്ത്രീയമായ ഡ്രഡ്ജിംഗും മണൽവാരലും കർശനമായി നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (ഐ. ആർ.) വകുപ്പ്]

കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 പ്രകാരം ജലസേചന സ്ട്രക്ച്ചറുകൾക്ക് 500 മീ. പരിധിയിൽ നിന്ന് മണൽ വാരുന്നതിന് നിയന്ത്രണമുണ്ട്. ഇത് പാലിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു.

### ശിപാർശ 30 (ഖണ്ഡിക 60)

പണി പൂർത്തിയായ ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത് ബന്ധപ്പെട്ട പഞ്ചായത്തുകളാണെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പലപ്പോഴും പണികൾ യഥാസമയം നടക്കുന്നില്ല. കൂടാതെ, പ്രകൃതിക്ഷോഭംമൂലം കേടുപാടു സംഭവിച്ച ചെറുകിട ജലസേചന പദ്ധതികൾ നന്നാക്കുന്നതിന് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽപ്പറഞ്ഞ പണികൾക്കായി 2702-03-101-98(01) പ്ലാൻ 2702-03-101-98-(02) പ്ലാൻ എന്നീ ശീർഷകങ്ങളിലെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (ഐ. ആർ.) വകുപ്പ്]

പണി പൂർത്തിയായ ചെറുകിട ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 2702-03-101-98-(02) എന്ന ശീർഷകത്തിൽ 3.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. 2017-18-ൽ

ബഡ്ജറ്റ് പ്രസംഗത്തിൽ ജലസേചന പദ്ധതികളിൽ കാലാകാലങ്ങളിൽ പൂർത്തിയാക്കിയ പദ്ധതികളുടെയും കേടുപാടുകൾ തീർക്കുന്നതിലേക്കായി 200 കോടി രൂപ അനുവദിക്കണമെന്ന് പ്രഖ്യാപിച്ചുവെങ്കിലും പ്രത്യേക ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തിൽ ആദ്യ SDG-ക്കുള്ള സർക്കുലർ നിർദ്ദേശങ്ങൾ പുറത്തിറങ്ങുമ്പോൾ re-appropriation പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നല്കിയിട്ടുണ്ട്.

**ശിപാർശ 31 (ഖണ്ഡിക 61)**

"ചെറുകിട ജനസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും പദ്ധതികൾ തയ്യാറാക്കലും" എന്ന ശീർഷകത്തിൽ [2702-80-005-99-(പ്ലാൻ)] അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിച്ച് കാണുന്നില്ല. പ്രസ്തുത തുക വിനിയോഗിച്ച് ചെറുകിട ജലസേചന പദ്ധതികൾ സംബന്ധിച്ച പര്യവേക്ഷണം നടത്തുകയും നിശ്ചിത ഇടവേളകളിൽ വിശദമായ സർവ്വേ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി-[ജലവിഭവ (ഐ. ആർ.) വകുപ്പ്]**

പുതിയ പദ്ധതികൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ സംബന്ധിച്ച് അഞ്ചാമത്തെ സെൻസസ് പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## അദ്ധ്യായം -III

## സമിതി ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളിന്മേൽ അധിക വിവരം ലഭ്യമാക്കേണ്ടതും, നടപടികൾ സ്വീകരിച്ച് ലഭ്യമാക്കേണ്ടവയും

**ശിപാർശ 2 (ഖണ്ഡിക 26)**

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി, നിർമ്മാണാനുമതി എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി- [ജലവിഭവ (എം. ഐ.) വകുപ്പ്]**

പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി ഗവൺമെന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ പരിധി 5 കോടി രൂപയിൽ നിന്നും 10 കോടിയായി ഉയർത്തിയിട്ടുണ്ട്. 10 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചാണ് ഭരണാനുമതി നൽകുന്നത്.

സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് ഉണ്ടായിരുന്ന തുക പരിധി സർക്കാർ, സ. ഉ. (അച്ചടി) 6/2016/ധന. തീയതി 16-1-2016 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 375/2015/ധന. തീയതി 24-8-2015 പ്രകാരം എസ്റ്റിമേറ്റുകൾ ഇപ്പോൾ പ്രൈസ് സോഫ്റ്റ്‌വെയറിൽ സമർപ്പിക്കുന്നതിനാൽ കാലതാമസം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

**ശിപാർശ 3 (ഖണ്ഡിക 27)**

കരാറുകാരുടെ വിശ്വാസ്യതയും കാര്യക്ഷമതയും പ്രവൃത്തി പരിചയവും കരാറിലേർപ്പെടുമ്പോൾ പരിഗണിക്കണമെന്നും പ്രവൃത്തി തടസ്സംമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉപാധികൾ സ്വീകരിക്കണമെന്നും ഏറ്റെടുത്ത പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (എം. ഐ.) വകുപ്പ്]**

5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ഇപ്പോൾത്തന്നെ പ്രീ ക്വാളിഫിക്കേഷൻ നിലവിലുണ്ട്. പ്രവൃത്തി തടസ്സംമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വേണ്ട വ്യവസ്ഥകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തുന്നതിന് തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്. കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥകൾ നിലവിലുണ്ട്.

ശിപാർശകൾ 2, 3 (ഖണ്ഡിക 26, 27) എന്നിവ പരിഗണിച്ച സമിതി വൻകിട കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് ജലവിഭവം, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും വിശദീകരണം ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചു.

**ശിപാർശ 4 (ഖണ്ഡിക 28)**

ഭൂമി ലഭ്യമാകാത്തതും ആവശ്യമായ ഫണ്ട് ലഭിക്കാത്തതും ജീവനക്കാരുടെ, പ്രത്യേകിച്ച് സാങ്കേതിക ജീവനക്കാരുടെ അഭാവവും പ്രവൃത്തികൾ പൂർത്തിയാകുന്നതിനുള്ള തടസ്സത്തിന് കാരണമാകാറുണ്ട്. കൂടാതെ സ്ഥലത്തിന്റെ പ്രത്യേകതകൾമൂലവും ഡിസൈനിൽ മാറ്റം വരുത്തുന്നതുമൂലവും പ്രവൃത്തികൾ തടസ്സപ്പെടുന്നു. കാരാപ്പുഴ പ്രോജക്ട്, ബാണാസുര സാഗർ പ്രോജക്ട്, പലകപ്പാണ്ടി ഡൈവേർഷൻ സ്കീം എന്നിവ ഇക്കാരണങ്ങളാൽ 5 വർഷത്തിലധികമായി മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളാണ്. പലപ്പോഴും എസ്റ്റിമേറ്റ് തുക പര്യാപ്തമല്ലാതെ വരുന്നതിനാലും പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നു. ആയതിനാൽ ഓരോ പദ്ധതിയുടെയും ഘട്ടം ഘട്ടമായുള്ള പ്ലാൻ തയ്യാറാക്കുകയും ഓരോ

ഘട്ടത്തിലും ആവശ്യമായ സാധനങ്ങൾ/സേവനങ്ങൾ മുൻകൂട്ടി ഉറപ്പാക്കുകയും നിർമ്മാണത്തിനായി അനുമതി വാങ്ങാനുള്ള സ്ഥാപനങ്ങളിൽ/അധികാര കേന്ദ്രങ്ങളിൽ നിന്നും മുൻകൂർ അനുമതി നേടുകയും ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യണമെന്നും പ്രവൃത്തികളുടെ കൃത്യമായ ഡിസൈൻ തയ്യാറാക്കുകയും പദ്ധതി പൂർത്തീകരണം സംബന്ധിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ആവശ്യത്തിലേയ്ക്കായി വകുപ്പിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രത്യേക ആർക്കിടെക്ച്ചർ വിംഗ് രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [റവന്യൂ (ബി) വകുപ്പ്]

ഭൂമി ഏറ്റെടുക്കലിന് വേണ്ടി അർത്ഥനാധികാരിയിൽ നിന്നും അർത്ഥന പത്രവും ആവശ്യമായ ഫണ്ടും ലഭ്യമാക്കുകയാണെങ്കിൽ സ്ഥലമെടുപ്പ് നടപടികൾ സുഗമമായി മുന്നോട്ട് പോകുന്നതാണ്. കമ്മിറ്റിയുടെ മറ്റ് ശിപാർശകളെല്ലാംതന്നെ ജലസേചന വകുപ്പ് മുഖാന്തിരം നടപ്പിലാക്കേണ്ടതിനാൽ ശിപാർശകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്ന തിനായി ഫയൽ ജലസേചന വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിക്കുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

സമിതി (2014-2016)-യുടെ 18-ാമത് റിപ്പോർട്ടിലെ (ചെറുകിട ജലസേചന വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) ഖണ്ഡിക 28-മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിക്കവേ, സർക്കാരിന്റെ മുടങ്ങിക്കിടക്കുന്ന പല ജലസേചന പദ്ധതികളുടെയും പൂർത്തീകരണത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു പ്രത്യേക ആർക്കിടെക്ച്ചർ വിംഗ് ആവശ്യമാണെന്നും പദ്ധതിയുടെ ഡി. പി. ആർ. തയ്യാറാക്കുന്നത് മുതൽ പദ്ധതി നടപ്പിലാക്കുന്നത് വരെയുള്ള കാലാവധി നിശ്ചയിക്കണമെന്നും കല്ലട പദ്ധതികൾ പോലുള്ള പദ്ധതികൾ വർഷങ്ങൾ ഏറെയായിട്ടും ലക്ഷ്യം കാണാത്ത അവസ്ഥയാണെന്നും നിരവധി പദ്ധതികൾക്കായി ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി മാറിക്കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ സർക്കാരിന്റെ കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി ചെയ്തുതീർക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

## ശിപാർശ 17 (ഖണ്ഡിക 40)

സംസ്ഥാനത്തെ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഇപ്പോൾ പ്രവർത്തന ക്ഷമമല്ല എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ശാസ്ത്രീയമായ ഡിസൈനിംഗ് ഇല്ലാത്തതാണ് പദ്ധതികൾ പ്രവർത്തിക്കാതെ വരുന്നതിനു കാരണം. ആയത് പരിഹരിക്കുന്നതിനായി വകുപ്പിലെ ഡിസൈനിംഗ് വിഭാഗം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രവർത്തന രഹിതമായ സാഹചര്യം മനസ്സിലാക്കി അവ പുനരുദ്ധരിക്കുന്നതിനും വകുപ്പിന്റെ പരിഗണനയിലുള്ള പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [ജലവിഭവ (എം. ഐ.) വകുപ്പ്]**

സംസ്ഥാനത്തെ പ്രവർത്തന രഹിതമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ റീഹാബിലിറ്റേഷൻ ഓഫ് എൽ. ഐ. സ്കീം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ അതാതു സാമ്പത്തിക വർഷങ്ങളിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്തി എല്ലാ പദ്ധതികളും പ്രവർത്തനക്ഷമമാക്കുന്നുണ്ട്. കൂടാതെ അംഗീകാരം ലഭിച്ച പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പമ്പുകളുടെ ഡിസൈൻ മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ മുഖേനയും ഇലക്ട്രിക്കൽ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം അംഗീകരിച്ച പ്രകാരവുമാണ് നടപ്പിലാക്കി വരുന്നത്. ആഗസ്റ്റ് മാസത്തിലുണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്കത്തിൽ ചില ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തകരാറിലായിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി സ. ഉ. (ആർ.റ്റി.) നമ്പർ 861/2018/ജ.വി.വ. തീയതി 30-11-2018-ന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

മേൽ റിപ്പോർട്ട് പരിഗണിച്ച സമിതി സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

**ശിപാർശ 28 (ഖണ്ഡിക 58)**

ജലസ്രോതസ്സുകൾക്ക് സമീപമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുക, നിർമ്മിതികളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുക, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള നിർമ്മാണാനുമതി നിർബന്ധമാക്കുക, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായത്തോടെ കായലുകളുൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ സമീപമുള്ള കയ്യേറ്റങ്ങൾ തടയുക ഇതുമായി ബന്ധമുള്ള നിയമ നടപടികൾ കർശനമാക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി - [തദ്ദേശ സ്വയംഭരണ (ആർ. ഡി.) വകുപ്പ്]**

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതുണ്ട്. കെ. എം. ബി. ആർ.-ലെ ചട്ടം 26 എ, കെ.പി.ബി.ആർ.-ലെ ചട്ടം 30 എന്നിവ പ്രകാരം മാലിന്യം സുരക്ഷിതമായി നിർമ്മാജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 20000 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ വരുന്ന നിർമ്മാണ പദ്ധതികൾക്കും മറ്റ് പ്രവൃത്തികൾക്കും എസ്.ഇ.ഐ.എ.എ.യുടെയോ/കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെയോ എൻവയോൺമെന്റൽ ക്ലിയറൻസ് മുൻകൂറായില്ലാതെ പെർമിറ്റ് നൽകുവാൻ

പാടില്ലായെന്ന് കെ. എം.ബി.ആർ.-ലെ ചട്ടം 23 (4 എ) യിലും കെ.പി.ബി.ആർ.-ലെ ചട്ടം 26 (4A) യിലും പ്രതിപാദിക്കുന്നുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോണിൽ ഉൾപ്പെട്ടിട്ടുള്ള കായലുകളുടെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ അല്ലെങ്കിൽ അവയുടെ വീതി ഏതാണോ ഏറ്റവും കുറവ് അത്രയും ഏരിയയിൽ നടത്തുന്ന നിയമ വിരുദ്ധമായ നിർമ്മാണ നടപടികൾ CRZ നോട്ടിഫിക്കേഷൻ 2011-ന്റെ ലംഘനമാകയാൽ ആയതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ കായൽ ദ്വീപുകളിൽ വീട് നിർമ്മിക്കുന്നതിന് CRZ പരിധി, കായലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററായി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ 50 മീറ്ററിനുള്ളിൽ അംഗീകൃതമായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളോ പുതുക്കിപ്പണിയലോ മാത്രമേ അനുവദനീയമായുള്ളൂ. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതു ജലമാർഗ്ഗങ്ങളും ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 12-ൽ ആക്ടിൽ വകുപ്പ് 166-ാം വകുപ്പ് (6)-ാം ഉപവകുപ്പ് സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ഏതെങ്കിലും വസ്തു പഞ്ചായത്തുകൾ വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ അതിന്മേൽ ബാദ്ധ്യത വരുത്തി വയ്ക്കുവാനോ മറ്റു വിധത്തിൽ കയ്യൊഴിക്കുവാനോ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലാശയങ്ങളിലെ കയ്യേറ്റങ്ങൾ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാ പ്രളയത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുഴകളുടെയും തോടുകളുടെയും കനാലുകളുടെയും അതിർത്തി റീ-സർവ്വേ നടത്തി കല്ലിട്ട് സംരക്ഷിക്കാൻ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ വിവരിച്ച ചട്ടങ്ങൾ പാലിച്ച് കായലുകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും കയ്യേറ്റം തടയാവുന്നതാണ്.

**സമിതി ആവശ്യപ്പെട്ട അധിക വിവരം**

ഖണ്ഡിക നമ്പർ 58-ന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി പരിഗണിക്കവേ ജലസ്രോതസ്സുകളുടെ സമീപമുള്ള കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് പുഴകളുടെയും തോടുകളുടെയും കനാലുകളുടെയും അതിർത്തി റീ-സർവ്വേ നടത്തി കല്ലിട്ട് സംരക്ഷിക്കാനായി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

**പൊതു ശിപാർശകൾ**

**ശിപാർശ 34**

പ്രോജക്ടുകൾ പൂർത്തീകരിച്ച ശേഷം അവയ്ക്കായി നിയോഗിക്കപ്പെട്ട ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുക.

**സർക്കാരിൽ നിന്നും ലഭിച്ച മറുപടി-[ജലവിഭവ (എ) വകുപ്പ്]**

17-1-2003-ലെ സ. ഉ. (എം. എസ്.) 07/2003/ജ.വി.വ. പ്രകാരം ഭാഗികമായി പൂർത്തീകരിച്ച കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ബന്ധപ്പെട്ട തസ്തികകൾ നിർത്തലാക്കുകയും പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

10-12-2003-ലെ സ. ഉ. (എം. എസ്.) 69/2003/ജ.വി.വ. പ്രകാരം പൂർത്തീകരിച്ച വാമനപുരം ഇറിഗേഷൻ പ്രോജക്ട് നിർത്തലാക്കിയതിനെ തുടർന്ന് അധിക തസ്തിക നിർത്തലാക്കാനും ശേഷിക്കുന്നവ പുനർ വിന്യസിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

28-1-2017-ലെ സ. ഉ. (എം. എസ്.) 6/2017/ജ.വി.വ. പ്രകാരം ജലസേചന വകുപ്പിൽ അധികമായി കണ്ടെത്തിയ 1199 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

പ്രോജക്ടുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയ്ക്കായി നിയോഗിക്കപ്പെട്ട ജീവനക്കാരെ പുനർവിന്യസിക്കുകയോ ടി തസ്തികകൾ നിർത്തലാക്കുകയോ ചെയ്ത് കാലാകാലങ്ങളിൽ സർക്കാർ ഉത്തരവാകാറുണ്ട്. (അനുബന്ധം)

**ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ**

**ശിപാർശ നമ്പർ 13 (ഖണ്ഡിക 32) - [ജലവിഭവ (എം. ഐ.) വകുപ്പ്]**

കാർഷികവൃത്തിയുടെ നട്ടെല്ലായി വർത്തിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്കും അവയുടെ അറ്റകുറ്റപ്പണികളുൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾക്കും ബജറ്റിൽ മതിയായ തുക വകയിരുത്തുന്നില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികൾക്കും മതിയായ തുക ബജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ നമ്പർ 18 (ഖണ്ഡിക 42) - [ജലവിഭവ (എം. ഐ.) വകുപ്പ്]**

സംസ്ഥാനത്ത് ആറുകൾ, തോടുകൾ എന്നിവയിൽ തടയണകൾ നിർമ്മിച്ച് വെള്ളം ശേഖരിച്ച് കൃഷിയിടങ്ങളിലേയ്ക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നുണ്ട്. 2011-12, 2012-13 വർഷങ്ങളിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 102.90 കോടി രൂപ അടങ്കൽ തുകയുള്ള 153 തടയണകൾ നിർമ്മിക്കാനുള്ള നടപടിയെടുത്തു. 2013-14 സാമ്പത്തിക വർഷത്തിൽ 106.60 കോടി രൂപ അടങ്കൽ തുകയുള്ള 183 തടയണകൾ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഭരണാനുമതി ലഭിച്ച തടയണകളുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട ബജറ്റ് വിഹിതം [4702- ചെറുകിട ജലസേചനം (നോൺ പ്ലാൻ)] വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ നമ്പർ 19 (ഖണ്ഡിക 46) - [ജലവിഭവ (എം. ഐ.) വകുപ്പ്]

ഓണാട്ടുകര, കുട്ടനാട് കായൽ പ്രദേശം, തുറവൂർ, പട്ടണക്കാട് ഭാഗത്തെ നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണ പ്രവൃത്തികൾ, കരിയാറിന് കുറുകെയുള്ള ഓരുവെള്ള നിയന്ത്രണച്ചിറയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ വകുപ്പിന് കീഴിൽ നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മറുപടി ലഭിക്കാനുള്ള പൊതു ശിപാർശകൾ
## [ജലവിഭവ (പി. എസ്.) വകുപ്പ്]

### ശിപാർശ നമ്പർ 32

ഉൾനാടൻ ജലഗതാഗത പദ്ധതികളും ടൂറിസം മേഖലയുടെ പുരോഗതിയും കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളുടെ വികസനത്തിനും സാമ്പത്തിക പുരോഗതിയ്ക്കും കാരണമാകും. കേരളത്തിന്റെ പ്രധാന കാർഷിക പ്രതീക്ഷയായ കുട്ടനാടിന്റെ കാർഷിക മേഖലയുടെ പരിപാലനത്തിനും ഉന്നമനത്തിനും ശുദ്ധജല വിതരണത്തിനും വ്യവസായ ശാലകളുടെ നിലനിൽപ്പിനും തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നിലനിൽപ്പ് അത്യാവശ്യമാണ്. ആയതിനാൽ തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും പരിപാലത്തിനും അറ്റകുറ്റപ്പണികൾക്കും ബജറ്റിൽ കൂടുതൽ തുക അനുവദിക്കുകയും കാര്യക്ഷമമായ ഒരു പരിശോധനാ വിഭാഗം വകുപ്പിന്റെ കീഴിൽ രൂപീകരിക്കുകയും ചെയ്യുക.

### ശിപാർശ നമ്പർ 33

വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി നിർമ്മിച്ച കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉപകരണങ്ങളും പദ്ധതി പൂർത്തീകരിക്കപ്പെട്ടശേഷം ഉപയോഗിക്കാതെ നശിച്ചു പോകുന്നതായി കാണുന്നു. ഇത്തരം സാഹചര്യങ്ങളിൽ പ്രസ്തുത കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവ വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഫീസുകൾക്കോ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കോ നൽകുക.

### ശിപാർശ നമ്പർ 35

പദ്ധതികൾക്കുള്ള ഫണ്ട് ലഭ്യതയുടെ കാലതാമസം ഒഴിവാക്കാനും അറ്റകുറ്റപ്പണികൾക്കുള്ള തുക ലഭ്യമാക്കാനുമായി ഒരു മെക്കാനിക്കൽ മെയിന്റനൻസ് ഫണ്ട് രൂപീകരിക്കുകയും ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുകയും ചെയ്യുക.

## ശിപാർശ നമ്പർ 36

വകുപ്പിന്റെ കീഴിലുള്ള ഡ്രഡ്ജറുകൾ പലതും വളരെ കാലപ്പഴക്കമുള്ളവയാണ്. ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും പുതിയവ വാങ്ങേണ്ടതും അത്യാവശ്യമാണ്. ഡ്രഡ്ജറുകളുടെ സ്പെയർ പാർട്ടുകളുടെ ദൗർലഭ്യം നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നു. ആയതിനാൽ ഡ്രൈഡോക്ക് വർക്ക്ഷോപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കുകയും സ്പെയർ പാർട്ടുകളും മറ്റുപകരണങ്ങളും ഇവിടെത്തന്നെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

## ശിപാർശ നമ്പർ 37

നദികളും മറ്റു ജലസ്രോതസ്സുകളും കൊണ്ട് സമ്പന്നമായ കേരളം വർഷത്തിൽ പകുതിയോളം വരൾച്ച നേരിടുന്നു. മഴയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ കാർഷിക വ്യാവസായിക മേഖലകളെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിൽ ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗവും കാര്യക്ഷമമായ ജലവിതരണ സമ്പ്രദായവും വ്യാപകമാക്കേണ്ടതാണ്. ആയതിനായി കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റ രീതിയിലുമാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുക.

## ശിപാർശ നമ്പർ 38

മേൽപ്പറഞ്ഞവയിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമായി വരുന്നപക്ഷം അതിനുള്ള നടപടികൾ സ്വീകരിക്കുക.

മേൽപ്പറഞ്ഞ ശിപാർശകളിന്മേൽ നാളിതുവരെ ഒരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മേൽ ശിപാർശകളിന്മേൽ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എസ്. ശർമ്മ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.